ശ്രീ. എം. നാരായണക്കുറുപ്പ് ; കേന്ദ്രവിജിലൻസ് കമ്മീഷന്റെ മാതൃകയിൽ ഇവിടെ ഒരു കമ്മീഷനെ നിയമിക്കാൻ ആലോചനയുണ്ടെന്നു പറഞ്ഞു. അവിടെ കമ്മീഷന്റെ പേരുതന്നെ പ്രഖ്യാപിച്ചുകഴിഞ്ഞു. ഈ കമ്മീഷന്റെ അധികാരവും പരിധിയുമൊക്കെ നിശ്ചയിക്കാതെയാണോ കേന്ദ്രഗവണ്മെന്റ് ഇങ്ങനെയൊരു ആളെത്തന്നെ ഇപ്പോൾ നിയമിച്ചിട്ടുള്ളതു് ?

ശ്രീ. ആർ. ശങ്കർ : അതിനെ സംബന്ധിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ സ്റ്റേറ്റ് ഗവണ്മെന്റിനു് ഇതുവരെ ലഭിച്ചിട്ടില്ല.

ഗ്രാമീണശുദ്ധജലവിതരണ പ്രവർത്തനം

* 148. [3] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ ഗ്രാമങ്ങളിൽ ശുദ്ധജല വിതരണത്തിനായി തിരഞ്ഞെടുത്തു് പ്രയോറിറ്റി ലിസ്റ്റിൽ പെടുത്തിയ താലൂക്കുകൾ ഏതെല്ലാം ;

(ബി) കുഴൽക്കിണറുകൾ സ്ഥാപിക്കാൻ ഉപയോഗിക്കുന്ന എത്ര ബോറിംഗ് മീഷ്യനുകൾ (കുഴൽ താഴ്ത്തുന്ന യന്ത്രങ്ങൾ) ഇന്നു് പബ്ലിക് ഹെൽത്തു് വകുപ്പിന്റെ വകയായി ഉണ്ടു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഗ്രാമീണ ശുദ്ധജല വിതരണത്തിനു് മുൻഗണന നിശ്ചയിക്കുന്നതു് താലൂക്കടിസ്ഥാനത്തിലല്ല. പ്രത്യുത വില്ലേജടിസ്ഥാനത്തിലാണു്. സ്റ്റേറ്റിലെ മിക്കവാറും എല്ലാ വില്ലേജുകളേയും ഉൾക്കൊള്ളിച്ചു് ഒരു പട്ടിക തയ്യാറാക്കിയിട്ടുള്ളതിൽനിന്നും സ്റ്റേറ്റു് വാട്ടർസപ്ലൈബോർഡു് ജലദൗർല്ലഭ്യത്തെ അടിസ്ഥാനമാക്കി മുൻഗണന കൊടുത്തു് പദ്ധതികൾ തിരഞ്ഞെടുക്കുന്നതാണു്.

(ബി) 15.

ശ്രീ. ആർ. സുഗതൻ : തുക്കുന്നപ്പുഴ, ആറാട്ടുപുഴ വില്ലേജുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു് ഇപ്പോൾ കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. സി. എ. മാത്യു : ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയനുസരിച്ചു് കിണറുകൾ കുഴിക്കുന്നതിനു് തുക അനുവദിച്ചിട്ടുള്ളതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. എന്നാൽ പൈപ്പു വാട്ടർസപ്ലൈവേണ്ടി ആ തുക വിനിയോഗിക്കുവാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. ഈ കിണറു കുഴിക്കുന്നതിനു് നീക്കിവച്ചിരിക്കുന്ന തുക ഡൈവർട്ടു് ചെയ്തു പൈപ്പു് വാട്ടർസപ്ലൈയ്ക്കു് ഉപയോഗിക്കുന്നതിനു വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആ സംഖ്യ പൈപ്പു് വാട്ടർസപ്ലൈയ്ക്കു് ഉപയോഗിക്കുവാൻ നിവൃത്തിയില്ലെന്നു പറഞ്ഞതു് ശരിയല്ല. ആ സംഖ്യ അനുവദിച്ചിട്ടുള്ളതു് കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റു് ഡിപ്പാർട്ടുമെന്റിനാണു്. അതു് ഓരോ ഡിസ്ട്രിക്റ്റിലേക്കായി അലോട്ടുചെയ്തുകൊടുത്തിരിക്കുകയാണു്. മുഴുവൻ സംഖ്യയും അതിനുവേണ്ടി ചെലവാക്കുവാൻ സാധിക്കുകയില്ലെന്നു സംശയം വന്നതുകൊണ്ടു് ആ സംഖ്യ പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെന്റിലേക്കു് ട്രാൻസ്ഫർ ചെയ്തു് പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെന്റു് അതനുസരിച്ചു് പൈപ്പു് വാട്ടർസപ്ലൈയ്ക്കുവേണ്ടി ആ പണം ചെലവാക്കിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. കൃഷ്ണൻ : തീരപ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കുഴൽക്കിണറുകൾ ഇന്നു് ഉപയോഗശൂന്യമായി കിടക്കുകയാണു്. അതുകൊണ്ടു് ശാസ്താംകോട്ടനിന്നു വെള്ളമെടുത്തു് പൈപ്പുവഴി നീണ്ടകര, ചവറ മുതലായ തീരപ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നതിനു് വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : തീരപ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കഴൽക്കിണറുകളെല്ലാം ഉപയോഗശൂന്യമായി കിടക്കുകയാണെന്നു പറയുന്നതു് ശരിയല്ല. നന്നായി പ്രവർത്തിക്കുന്ന കിണറുകളുമുണ്ടു്. ശാസ്താംകോട്ടനിന്നു വെള്ളമെടുത്തു് വിതരണം നടത്താൻ ഒരു പദ്ധതിയുണ്ടു്. അതു് ഏതെല്ലാം പ്രദേശത്തേക്കാണെന്നു് ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല.

ധർമ്മസ്ഥാപനങ്ങൾ

* 149. [4] ശ്രീ. പി. എസ്സു്. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തുള്ള ധർമ്മസ്ഥാപനങ്ങൾക്കു് ആകെ എത്രതുക ഒരു വർഷത്തിൽ സഹായധനമായി നൽകുന്നുണ്ടു് ;

(ബി) ഏതെല്ലാം ധർമ്മസ്ഥാപനങ്ങൾക്കാണു് സഹായം നൽകുന്നതു് ; എത്രവീതം ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(ഇതു സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും കിട്ടിയിട്ടില്ല. കിട്ടിയിട്ടുള്ള വിവരമനുസരിച്ചു് മറുപടി പറയാം.)

(എ) 1,12,029 രൂപ. (ഈ സംഖ്യയിൽ തൃശ്ശൂർ ജില്ലയിലെ സ്ഥാപനങ്ങൾ ഉൾപ്പെട്ടുന്നില്ല.)

(ബി)

1.	ധർമ്മഗിരിമന്ദിരം, ആലപ്പുഴ	രൂപ	5,220
2.	ശ്രീ ചിത്തിരമന്ദിരം, ആലപ്പുഴ		
3.	ഡി. ഈ. എം. ബോയിസു് ആർഫനേജു്, പറച്ചേരി, തിരൂർ താലൂക്കു്	രൂപ	8,670
4.	ധർമ്മപാലനസംഘം, തിരൂർതാലൂക്കു്	രൂപ	17,051
5.	യത്തീംഖാന, തിരൂരങ്ങാടി	രൂപ	48,000
6.	കസ്തൂർബാ ബാലികാസദനം, കോഴിക്കോടു്	രൂപ	10,384
7.	ലിറ്റിൽ ഫ്ളവർ സ്കൂളിനോടനുബന്ധിച്ചുള്ള ആതുരാലയം, ചെറുവണ്ണൂർ, കോഴിക്കോടു്	രൂപ	720
8.	ബാലികാസദനം, വരപ്പുൽ, കോഴിക്കോടു്	രൂപ	13,800
9.	അനാഥമന്ദിരം, വരപ്പുൽ, കോഴിക്കോടു്	രൂപ	8,184

ശ്രീ. പി. എസ്സു്. കാർത്തികേയൻ : മുഴുവൻ വിവരവും കിട്ടാൻ എന്താണു താമസ്സം ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മുഴുവൻ വിവരവും ശേഖരിച്ചു കിട്ടിയിട്ടില്ല.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : എന്തു മാനദണ്ഡമനുസരിച്ചാണു് ഈ ഗ്രാൻറു കൊടുക്കുന്നതു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇതുസംബന്ധിച്ചുള്ള മുഴുവൻ വിവരവും കിട്ടാതെ മറുപടി പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly